മറ്റുള്ള ശുപാർശകൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

31-3-2006 വരെയേ 2-ാം ധനകാര്യ കമ്മിഷൻ ശുപാർശകൾക്ക് പ്രസക്തിയുള്ളു. 1-4-2006 മുതൽ 3-ാം ധനകാര്യ കമ്മിഷൻ ശുപാർശകളാണ് നടപ്പിലാക്കേണ്ടത്.

ബിവറേജസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങൾ

3. [460] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ എത്ര വിപണന കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇനിയും വിപണന കേന്ദ്രങ്ങൾ തുറക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം, എവിടെയെല്ലാം ;

(സി) 2005-06 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ ബിവറേജസ് കോർപ്പറേഷൻ വഴി മദ്യവില്പനയിൽ സർക്കാരിന് ലഭിച്ച തുക എത്ര ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന കേന്ദ്രങ്ങളിൽ വ്യാജമദ്യം വിൽക്കുന്നതായി എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 305 ചില്ലറ വിൽപന ശാലകളും 14 വെയർഹൗസുകളും പ്രവർത്തിക്കുന്നു. ഇതിന്റെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(ബി) തീരുമാനിച്ചിട്ടില്ല.

(സി) 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെ മദ്യ വില്പനയിലൂടെ ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരുവ് 1945.44 കോടി രൂപയും സർക്കാരിന് ലഭിച്ച വരുമാനം 1498.64 കോടി രൂപയുമാണ്. (2006 ജനുവരിയിലെ വിറ്റുവരവ് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.)

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

4 [461] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 വർഷത്തിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി സംസ്ഥാനത്ത് വിറ്റഴിച്ച മദ്യം എത്രയാണ് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ കമ്പനികളിൽ നിന്നാണ് മദ്യം വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ ബാറുകൾ വഴി വിറ്റഴിച്ച മദ്യം എത്ര ;

(ഡി) കോർപ്പറേഷന്റെ റീട്ടെയിൽ ഷോപ്പുകൾ വഴി വിറ്റഴിച്ച മദ്യം എത്ര ;

(ഇ) അനധികൃത മദ്യവില്പന സംസ്ഥാനത്ത് വ്യാപിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അനധികൃത മദ്യത്തിന്റെ വിതരണവും വില്പനയും തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ ബിവറേജസ് കോർപ്പറേഷൻ വഴി നടത്തിയ മദ്യവില്പന താഴെപ്പറയും പ്രകാരമാണ്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	82.22 ലക്ഷം കെയ്സുകൾ
ബിയർ	:	27.61 ലക്ഷം കെയ്സുകൾ

(ബി) അനുബന്ധം ആയി കൊടുത്തിരിക്കുന്നു. †

(സി) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ ബിവറേജസ് കോർപ്പറേഷൻ മുഖേന ബാറുകൾക്ക് താഴെപ്പറയും പ്രകാരം വിൽപന നടത്തിയിട്ടുണ്ട്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	22.78 ലക്ഷം കെയ്സുകൾ
ബിയർ	:	12.90 ലക്ഷം കെയ്സുകൾ

(ഡി) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ കോർപ്പറേഷന്റെ റീട്ടെയിൽ ഷോപ്പുകൾ വഴി താഴെപ്പറയന്ന പ്രകാരം വില്പന നടത്തിയിട്ടുണ്ട്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	52.72 ലക്ഷം കെയ്സുകൾ
ബിയർ	:	12.63 ലക്ഷം കെയ്സുകൾ

(ഇ ആന്റ് എഫ്) അനധികൃത മദ്യ വിൽപ്പനയും വിതരണവും തടയുന്നതിനായി സംസ്ഥാനത്ത് ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് എല്ലാ ജില്ലകളിലും എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

വില്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

5 [462] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly